

TUESDAY 23/09/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/09/2025

1. സുസ്ഥിര വിപണിയും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് കാർഷീക വികസന കർഷക ക്ഷേമ വകുപ്പ് ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് " കേര". കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ താത്പര്യമുള്ള കർഷക ഉത്പാദക കമ്പനികൾക്ക് അനുയോജ്യരായ അഗ്രി ബിസിനസ്സ് പങ്കാളികളുമായി കൈകോർക്കാം. അവസാന തീയതി 2025 ഒക്ടോബർ 31. ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 9037824038, 9037824056, 9037824054 കൂടുതൽ വിവരങ്ങൾക്ക് www.kera.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

2. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മുന്തിയ ഇനം നടീൽ വസ്തുക്കൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. മാവ്, പേര, ചാമ്പ, മൾബറി, മിറാക്കിൾ ഫ്രൂട്ട്, കറിവേപ്പ്, ബറാബ, ആത്ത, പ്ലാവ്, സപ്പോട്ട, നാരകം, കൊക്കോ, പ്ലം, കുടംപുളി എന്നീ നടീൽ വസ്തുക്കൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭ്യമാണ്. ആവശ്യമുള്ളവർ 8547760030 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെപ്റ്റംബറിൽ വയനാട്, പാലക്കാട്, കോഴിക്കോട്, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോട്ടയം ജില്ലകളിലെ കർഷകരുടെ സിറ്റിങ് നടത്തും. എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ വെച്ച് ഓൺലൈനായി സെപ്റ്റംബർ 25, 26 തീയതികളിലാണ് സിറ്റിങ് നടത്തുന്നത്.

4. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിൽ എന്റമോളജി എന്ന വിഷയത്തിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് ഒരുവര്ഷത്തേക്കു കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വേണ്ടിയുള്ള വാക് ഇൻ ഇന്റർവ്യൂ 04.10.2025 ന മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ വച്ച് നടത്തുന്നു .വിശദ വിവരങ്ങൾക്ക് https://www.kau.in/jobs എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ : 0487 237077.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. കാക്കനാട്ടുള്ള വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിൻറെ നേതൃത്വത്തിൽ ഇന്ന് (23.09.2025) ന് 9.30 മുതൽ 3 വരെ കൂൺ കൃഷി പരിശീലനം നടത്തും. കൂടുതൽ വിവരങ്ങൾക്ക് 94 97 71 38 82 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **ശാസ്ത്രീയ കറവപ്പശു പരിപാലനം'** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. 2025 സെപ്റ്റംബർ 25 വ്യാഴാഴ്ച്ച രാവിലെ 10മണി മുതൽ 5 മണി വരെയാണ് പരിശീലനം. പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ **0494-296 2296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **“പന്നി വളർത്തൽ”** എന്ന വിഷയത്തിൽ 24/09/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് 2025 സെപ്റ്റംബർ 24 മുതൽ 26 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടാം.

9. പത്തനംതിട്ട ജില്ലയിലെ മഞ്ഞാടി ഡക്ക് ഹാച്ചറി & ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2025 സെപ്റ്റംബർ 24, 25 തീയതികളിൽ "**എരുമ വളർത്തൽ** " എന്ന വിഷയത്തിൽ 2 ദിവസത്തെ സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0469-2965535 എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് മുൻകൂട്ടി വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് .

10. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. 2025 സെപ്റ്റംബർ 23-ന് രാവിലെ 10.30 മുതൽ 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ:training@rubberboard.org.in

## കാർഷിക നിർദേശം

കുരുമുളക് കായ്ക്കുന്ന സമയം -പൊള്ളു കീടവും രോഗവും- മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക. രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ചു മില്ലിയും

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം